CAREERINDIA

# ANNUAL EXAMINATION 2016 -17
## SAMPLE QUESTION PAPER

# MALAYALAM
## മലയാളം

STD : XII

അനുവദിച്ച സമയം : 3 മണിക്കൂർ | ആകെ മാർക്ക് : 100

Time allowed : 3 Hours | Maximum Marks: 100

**1** എ) ഉൽപ്രേക്ഷാലങ്കാരത്തിന്റെ ഉപവിഭാഗങ്ങൾ ഉദാഹരണസഹിതം വിശദമാക്കുക. (8)

അല്ലെങ്കിൽ

ഉൽപ്രേക്ഷാലങ്കാരത്തിലെ ധർമ്മി, ധർമ്മം, ഫലം, ഹേതു ഇവ ഉദാഹരണ സഹിതം വ്യക്തമാക്കുക.

ബി).ഉപമാലങ്കാരത്തിന്റെ ഉപവിഭാഗങ്ങൾ ഏതെല്ലാം? -വ്യക്തമാക്കുക (7)

അല്ലെങ്കിൽ

ലുപ്തോപമ എന്നാലെന്ത്? ഉദാഹരണസഹിതം വിശദമാക്കുക.

**2** എ) 'വൃദ്ധസദനങ്ങൾ ഓർമ്മിപ്പിക്കുന്നത്' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക. (7)

അല്ലെങ്കിൽ

'കുററകൃത്യങ്ങളിലേക്ക് തിരിയുന്ന യുവതലമുറ' എന്ന വിഷയത്തെ അധികരിച്ച് നടന്ന ചർച്ചയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കുക.

ബി). വർദ്ധിച്ചുവരുന്ന തീവ്രവാദ പ്രവർത്തനങ്ങളെ അപലപിച്ചു കൊണ്ട് ഒരു കത്ത്, പ്രമുഖ പത്രത്തിന്റെ പത്രാധിപർക്ക് എഴുതുക. (8)

അല്ലെങ്കിൽ

മലിനീകരണം മൂലമുണ്ടാകുന്ന വിനാശങ്ങൾ ചൂണ്ടിക്കാട്ടി നിങ്ങളുടെ പരിസരങ്ങളിലുള്ള ഇത്തരം പ്രവർത്തനങ്ങൾ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുവേണ്ടി പത്രാധിപർക്ക് ഒരു കത്ത് തയ്യാറാക്കുക

സി). താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ഒരാളുടെ ഹൃദയത്തെ പിടിച്ചുലച്ച വൈകാരികവും വൈചാരികവുമായ ഭാവങ്ങൾ അതേ അളവിലും ശക്തിയിലും മററൊരാളുടെ ഹൃദയത്തിൽ ശബ്ദരൂപമായി പകരുന്നതാണ് കവിത. ഭാരതീയ സാഹിത്യാചാര്യന്മാർ ആസ്വാദനമെന്നു പറയുന്നതുമിതുതന്നെ. രസാസ്വാദനം സുഗമമാകണമെങ്കിൽ ആവിഷ്കരിക്കുന്ന ഭാവം സഹൃദയന്റെ ഹൃദയത്തെ കീഴടക്കുകയും വേണം. അനുവാചകനും ചില ഗുണങ്ങളൊക്കെ ആവശ്യമാണ്. സഹൃദയൻ, വിദ്വാൻ,

www.careerindia.com

CAREERINDIA

രസജ്ഞൻ എന്നെല്ലാം അനുവാചകനേ പറയൂ. പ്രതിപാദ്യവുമായി തന്മയീഭവിക്കാനുള്ള കാവ്യസംസ്കാരം അയാൾക്കുണ്ടാവണം. കവിയുടെ ഹൃദയത്തിന് സമാനമായ ഹൃദയമുള്ളവനെന്നാണ് സഹൃദയശബ്ദത്തിനർഥം. ജീവാത്മാവ് സകല പരിമിതിയും വിട്ട് പരമാത്മാവിൽ ലയിക്കുന്നതുപോലെ സഹൃദയൻ എല്ലാം മറന്ന് കാവ്യാത്മാവിൽ അലിഞ്ഞുചേരുന്ന അവസ്ഥയാണ് താദാത്മ്യം. ഒരു കാവ്യം വായിക്കുകയോ നാടകം

കാണുകയോ ചെയ്യുമ്പോൾ സഹൃദയൻ വ്യക്തിഗതമായ സുഖദുഃഖങ്ങൾക്ക് അതീതനായി മനുഷ്യസാമാന്യത്തിൽപ്പെട്ട ഒരാളായി മാറുന്നു. അതോടെ പ്രതിപാദ്യത്തിൽ ലയിക്കുന്നു.

ചോദ്യങ്ങൾ

1. സഹൃദയൻ പ്രതിപാദ്യത്തിൽ ലയിക്കുന്നതെങ്ങനെ? 2
2. സഹൃദയശബ്ദത്തിന് അർത്ഥമെന്ത് ? എന്താണ് താദാത്മ്യം? 2
3. അനുവാചകരെപ്പററി പറയുന്നതെന്താണ്? അനുവാചകന് എന്തു ഗുണം കൂടി വേണം? 2
4. ആസ്വാദനം എന്നാൽ എന്താണ്? 2
5. ഈ ഖണ്ഡികയക്ക് ഉചിതമായ ശീർഷകം നൽകുക. 2

**3.** എ).<u>ഏതെങ്കിലും ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക</u> (6X5=30)

1. 'ദാരിദ്ര്യം' പഥേർ പാഞ്ചാലി എന്ന ചിത്രത്തിലെ സർവ്വവ്യാപിയായ യാഥാർത്ഥ്യമാണ് '- വിശകലനം ചെയ്യുക.

2. നമ്മുടെ വിദ്യാഭ്യാസവ്യവസ്ഥയിലെ പാളിച്ചകൾ 'കല്ലുവെച്ചനുണ' യിൽ അവതരിപ്പിച്ചിരിക്കുന്ന തെങ്ങനെ? ചർച്ച ചെയ്യുക.

3. "യൗവനത്തിന്റെ പുറം മോടികൾ നിലനിർത്തുന്നതിന് ഇന്ന് സമൂഹം വലിയ വില നൽകുന്നുണ്ട്" പാഠഭാഗത്തെ അടിസ്ഥാനമാക്കി ഈ അഭിപ്രായം പരിശോധിക്കുക.

4. വൈക്കം മുഹമ്മദ് ബഷീർ എന്ന വ്യക്തിയുടെയും സാഹിത്യകാരന്റേയും സൂക്ഷ്മഭാവങ്ങൾ അവതരിപ്പിക്കാൻ തിരക്കഥാകൃത്ത് എന്തെല്ലാം തന്ത്രങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് ? വിശദമാക്കുക .

5. "ഒരു മനുഷ്യൻ മററൊരു മനുഷ്യനെ തൊഴുന്നതിനോളം വലിയ ഒരു നാണക്കേട് ലോകത്തിൽ വേറെയുണ്ടോ?" ആര് പറഞ്ഞ വാക്കുകളാണിത്? സന്ദർഭം വിശദമാക്കുക.

7 പെനാൽററി കിക്കിന്റെ അർത്ഥസാധ്യതകൾ 'ഹിഗ്വിററ 'എന്ന കഥയിൽ എത്രമാത്രം പ്രയോജനപ്പെടുത്തിയിരിക്കുന്നു ? വിശദമാക്കുക

8 "ഗുരുതരമായ രോഗം ബാധിച്ച സമുഹത്തിലാണ് മലയാളി ഇന്നു ജീവിക്കുന്നത് എന്ന് നമ്മൾ തിരിച്ചറിഞ്ഞേ പററൂ" എന്താണ് രോഗം? വിശദമാക്കുക.

www.careerindia.com

ബി). <u>ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് മാത്രം ഉത്തരം എഴുതുക</u> (4X5=20)

1. 'നിൻകുടിയൊഴിഞ്ഞീടണം, ഞങ്ങൾ

നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ'

സൂചിതം വ്യക്തമാക്കുക

2 ‘കവണക്കൈകളുള്ള ചന്ത’, ‘തോക്കിൻകണ്ണുള്ള നഗരം’ –ഈ വിശേഷണങ്ങളിലൂടെ കവി ധ്വനിപ്പിക്കുന്ന ആശയം എന്ത്?

3. കുമാരനാശാൻ മാർദവമില്ലാതെ പറഞ്ഞ വചനങ്ങളുടെ കാലികപ്രസക്തി എന്ത്? വിശദമാക്കുക.

4. കുരീപ്പുഴ ശ്രീകുമാറിന്റെ കവിതയുടെ സവിശേഷതകൾ‘ മനുഷ്യപ്രദർശനം’ എന്ന കവിതയെ അടിസ്ഥാനമാക്കി പരിശോധിക്കുക?

5 ' തിരസ്കാരം' എന്ന കവിതയിൽ അന്യോപദേശ തന്ത്രത്തിലൂടെ കവി സൂചിപ്പിക്കുന്നതെന്തെല്ലാം?

6 ''പെററമ്മയാണിവൾ,നൂററൊന്നു മക്കളെ

തെററാതെ മാർഗ്ഗം തെളിച്ചു വളർത്തിയോൾ'' -ആശയം വിശദമാക്കുക.

**4.** താഴെ കൊടുത്തിട്ടുള്ളവയിൽ ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക (1X10 =10)

1. ''എം.ടി അവതരിപ്പിക്കുന്ന ഗതകാലസ്മരണകൾ ഭൂതകാലസംസ്കൃതിയെയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളേയും അനുസ്മരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.'' .-വിശദമാക്കുക.

അല്ലെങ്കിൽ

2. എം.ടി വാസുദേവൻ നായരുടെ മാതൃസ്മരണകൾ കൃതിയിൽ എത്രമാത്രം ചോതോഹരമായി അവതരിപ്പിച്ചിട്ടുണ്ട് ? 'അമ്മയ്ക്ക് 'എന്ന ഗ്രന്ഥത്തെ ആസ്പദമാക്കി പരിശോധിക്കുക

www.careerindia.com